# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5808

02.07.2014 ലെ മറുപടിക്ക്

### മെഗാകൾച്ചറൽ ഹബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിന് മെഗാകൾച്ചറൽ ഹബ്ബുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) നമ്മുടെ സാംസ്ക്കാരിക പൈതൃക മൂല്യങ്ങളെ നിലനിർത്തിയും പരിപോഷിപ്പിച്ചും അതിലൂടെ വിനോദ സഞ്ചാര വികസന സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ആദ്യഘട്ടത്തിൽ വിവിധ സാംസ്ക്കാരിക പൈതൃക ശൈലികൾ കോർത്തിണക്കി പൈതൃക സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) യും ഡി) യും ആദ്യഘട്ടമായി വിവിധ കേന്ദ്രങ്ങളിൽ അഞ്ച് മുതൽ പത്ത് ഏക്കർ വരെ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ? | |

സെക്ഷൻ ഓഫീസർ